പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 133 — 06.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ കരകയറ്റാനായി സഹായം

**ചോദ്യം**

ശ്രീ. കെ.വി.അബ്ദുൾ ഖാദർ
" കെ. ദാസൻ
" കെ.ജെ. മാക്സി
" എം. സ്വരാജ്

**ഉത്തരം**

എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യെ കരകയറ്റാനായി പദ്ധതി പദ്ധതിയേതര വിഭാഗങ്ങളിൽ എന്തെല്ലാം സഹായം നൽകിയെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 44.68 കോടി രൂപ 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി പദ്ധതിയേതര വിഹിതമായി ഈ സാമ്പത്തിക വർഷം ഇതുവരെ 810 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകാനായി പ്രതിമാസം എത്ര തുക വേണ്ടി വരുമെന്ന് അറിയിക്കാമോ; കുടിശ്ശികയുൾപ്പെടെയുള്ള പെൻഷൻ വിതരണത്തിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകാനായി പ്രതിമാസം 60 കോടി രൂപ വേണ്ടി വരും. സർക്കാർ മുൻകൈ എടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം (PACS) മുഖേന കുടിശ്ശിക പെൻഷൻ വിതരണം നടത്തി വരികയാണ്. ഈ പ്രക്രിയ 2018 ജൂലായ് വരെ തുടരുന്നതാണ്. |
| (സി) | ചെലവ് വൻതോതിൽ വർദ്ധിക്കുകയും വരുമാനം ആനുപാതികമായി വർദ്ധിക്കാതിരിക്കുകയും ചെയ്യുന്നതാണ് കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നമെന്നതിനാൽ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുൾപ്പെടെ എടുത്തിട്ടുള്ള 13.5 ശതമാനം വരെ പലിശ വരുന്ന വായ്പകൾ പുനഃക്രമീകരിച്ച് ന്യായ പലിശ നിരക്കിലുള്ള ദീർഘകാല വായ്പയായി മാറ്റാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) | സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമുൾപ്പെടെ എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും മാറ്റുവാനുള്ള നടപടി പുരോഗമിക്കുന്നു. ഇത് യാഥാർത്ഥ്യമായി കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ